"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ ചെയർമാനായി, **ഡോ. ജിനു സക്കറിയ ഉമ്മനെ** നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.17/2024/F&CS തീയതി,തിരുവനന്തപുരം, 05-10-2024

---

പരാമർശം:-
1. സ.ഉ.(കൈ)നം.50/2018/ഭ.പൊ.വി.വ. തീയതി 21.12.2018.
2. സ.ഉ.(സാധാ)നം.122/2024/ഭ.പൊ.വി.വ, തീയതി 23.05.2024.
3. സ.ഉ.(സാധാ)നം.153/2024/ഭ.പൊ.വി.വ,തീയതി 23.06.2024.

**ഉത്തരവ്**

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതോടനുബന്ധിച്ച് പ്രസ്തുത നിയമത്തിലെ വകുപ്പ് 16, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018-ന്റെ ചട്ടം 31 എന്നിവയിലെ വ്യവസ്ഥകൾക്കനുസൃതമായി പരാമർശം (1) പ്രകാരം രൂപീകരിച്ച സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ ചെയർപേഴ്സന്റെ നിലവിലുള്ള ഒഴിവിലേക്ക് സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം 2018 31(2)(ii) പ്രകാരം വിജ്ഞാപനത്തിലൂടെ അപേക്ഷകൾ ക്ഷണിച്ചിരുന്നു. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് പാനൽ തയ്യാറാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സെലക്ഷൻ കമ്മിറ്റി പരാമർശം (2) പ്രകാരം പുനസംഘടിപ്പിക്കുകയും, ലഭ്യമായ അപേക്ഷകളുടെ പരിശോധനയ്ക്കായി പരാമർശം (3) പ്രകാരം സെലക്ഷൻ മാനദണ്ഡം നിശ്ചയിച്ച് നൽകുകയുമുണ്ടായി.

2. സെലക്ഷൻ കമ്മിറ്റി അപേക്ഷകളുടെ പരിശോധനയ്ക്ക് ശേഷം തയ്യാറാക്കി നൽകിയ പാനലിൽ നിന്നും ആദ്യ റാങ്കിലുള്ള **ഡോ. ജിനു സക്കറിയ ഉമ്മനെ**(ജനന തീയതി 27.06.1973, വിലാസം-1A, ipark, Nikunjam, Block Office, Kazhakootam, Trivandrum- 695582), ഓണറേറിയം വ്യവസ്ഥയിൽ സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ ചെയർമാനായി നിയമിച്ച് ഉത്തരവാകുന്നു.

3. സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018-ന്റെ ചട്ടം 42-ൽ നിഷ്കർഷിച്ചിരിക്കും പ്രകാരം ബഹു. ഗവർണ്ണർ മുമ്പാകെയോ അദ്ദേഹം നിയോഗിക്കുന്ന വ്യക്തി മുമ്പാകെയോ ടിയാൻ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുക്കേണ്ടതാണ്.

4. സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സന്റെ ഓണറേറിയവും സേവന വേതന വ്യവസ്ഥകളും സംബന്ധിച്ച് പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

1. ഡോ. ജിനു സക്കറിയ ഉമ്മൻ, ചെയർമാൻ, സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ, തിരുവനന്തപുരം
2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം
3. മെമ്പർ സെക്രട്ടറി, സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ & ഇ), തിരുവനന്തപുരം
5. പൊതുഭരണ (എസ്.സി) വകുപ്പ്
6. വെബ് & ന്യൂ മീഡിയ (ഔദ്യോഗിക പ്രസിദ്ധീകരണത്തിന്)
7. കരുതൽ ഫയൽ (ബി3/292/2023-ഭ.പൊ.വി.വ)

ഉത്തരവിൻ പ്രകാരം

Signed by
Sneha S Nair
Date: 05-10-2024 16:29:53

സെക്ഷൻ ഓഫീസർ

പകർപ്പ് :- ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ഭക്ഷ്യ പൊതുവിതരണ സെക്രട്ടറിയുടെ പി.എ-യ്ക്ക്
നിയമവകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഭക്ഷ്യ പൊതുവിതരണ ഡെപ്യൂട്ടി സെക്രട്ടറിക്ക്